**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6521 08.11.2016-ൽ മറുപടിയ്ക്ക്

**കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എൻ.എ. നെല്ലിക്കുന്ന്** | **ശ്രീമതി. കെ.കെ.ശൈലജടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളജിന്റെ ഇതുവരെ ചെയ്ത നിർമ്മാണ പ്രവൃർത്തികൾക്ക് ചെലവഴിച്ച തുക എത്രയാണെന്നും പ്രസ്തുത തുക സമാഹരിച്ചതെങ്ങനെയാണെന്നും വ്യക്തമാക്കാമോ; | (എ) | ഇതുവരെ 11,01,95,000/- രൂപ ചെലവഴിച്ചു.<br>1.സർക്കാർ വിഹിതം -19,95,000 രൂപ<br>2.നബാർഡ് അസിസ്റ്റൻസ് (20%) - 5,82,00,000 രൂപ<br>3. കാസർഗോഡ് ഡിസ്ട്രിക്ട് ഡെവലപ്മെന്റ് പാക്കേജ് - 5,00,00,000 രൂപ |
| (ബി) | കൈവശമുള്ള ഫണ്ട്, ഇപ്പോൾ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ; | (ബി) | ബജറ്റ് വിഹിതം, നബാർഡ് അസിസ്റ്റൻസ്, കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലൂടെ ലഭിക്കുന്ന ഫണ്ട് എന്നിവ വഴി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (സി) | ഇപ്പോൾ നടന്നുവരുന്ന നിർമ്മാണം പൂർത്തിയായാൽ രണ്ടാം ഘട്ട നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (സി) | രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി 5,28,37,367.28 രൂപ ചെലവഴിച്ചിട്ടുണ്ട്. ബജറ്റ് വിഹിതം, നബാർഡ് അസിസ്റ്റൻസ്. കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലൂടെ ലഭിക്കുന്ന ഫണ്ട് എന്നിവ വഴി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. |
| (ഡി) | കാസർഗോഡ് മെഡിക്കൽ കോളേജിന്റെ മൊത്തം നിർമ്മാണ ചെലവ് എത്രയാണെന്നും ഈ തുക എങ്ങനെയാണ് സമാഹരിക്കുന്നതെന്നും വ്യക്തമാക്കാമോ? | (ഡി) | എസ്റ്റിമേറ്റ് പ്രൊജക്റ്റ് അടങ്കൽ തുക 282 കോടി രൂപ ആണ് . ബജറ്റ് വിഹിതം, നബാർഡ് അസിസ്റ്റൻസ്, കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിലൂടെ ലഭിക്കുന്ന ഫണ്ട് എന്നിവ വഴിയാണ് തുക സമാഹരിക്കുന്നത്. |

സെക്ഷൻ ഓഫീസർ